തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്, വയനാട്
ജില്ലാ ടൌൺ പ്ലാനറുടെ നടപടിക്രമം
(ഹാജർ: രഞ്ജിത്ത് കെ.എസ്)

വിഷയം : ജില്ലാ ടൌൺ പ്ലാനറുടെ കാര്യാലയം, വയനാട് – സുൽത്താൻ ബത്തേരി നഗരസഭയിൽ കുപ്പാടി വില്ലേജിൽ ബ്ലോക്ക് 16 ൽ റീ .സർവ്വേ നമ്പർ 1/1 ൽ പ്പെട്ട 0.9831 ഹെക്ടർ സ്ഥലത്തിൽ നിന്നും ലീസിന് എടുത്ത 0.0486 ഹെക്ടർ സ്ഥലത്ത് ഗ്യാസ് ഗോഡൗൺ നിർമ്മിക്കുന്നതിന് ലേ ഔട്ടും കൺകറൻസും ആവശ്യപ്പെട്ടുകൊണ്ടു വന്ന അപേക്ഷ കൺകറൻസും, ലേ ഔട്ട് അനുമതി നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന : 1.ശ്രീ. തങ്കച്ചൻ എം ടി, മുട്ടത്ത് വീട്, പൂമല (പി ഓ), സുൽത്താൻ ബത്തേരി എന്നിവരുടെ 30/04/2024 തിയ്യതിയിലെ കെട്ടിടനിർമാണ ലേ ഔട്ട് അപേക്ഷ.

**ഉത്തരവ് നമ്പർ നം.LSGD/JD/WYD/1412/2024-F1 തീയതി: 06/06/2024**

സുൽത്താൻ ബത്തേരി നഗരസഭയിൽ കുപ്പാടി വില്ലേജിൽ ബ്ലോക്ക് 16 ൽ റീ.സർവ്വേ നമ്പർ 1/1 ൽ പ്പെട്ട 0.9831 ഹെക്ടർ സ്ഥലത്തിൽ നിന്നും ലീസിന് എടുത്ത 0.0486 ഹെക്ടർ സ്ഥലത്ത് ഗ്യാസ് ഗോഡൗൺ നിർമ്മിക്കുന്നതിന് ലേ ഔട്ടും കൺകറൻസും ആവശ്യപ്പെട്ടുകൊണ്ടു വന്ന അപേക്ഷയിന്മേൽ ടി നിർമ്മാണം സ്ഥലം പരിശോധിക്കുകയും തദ്ദേശ സ്വയഭരണ വകുപ്പിൻറെ 16/05/2023 തിയ്യതിയിലെ സ.ഉ.(കൈ) നം.113/2023 /LSGD പ്രകാരം സുൽത്താൻ ബത്തേരി നഗരസഭയുടെ മാസ്റ്റർ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥലം അഗ്രികൾച്ചറൽ സോണിൽ ഉൾപ്പെട്ടതിനാൽ ടൗൺ പ്ലാനറുടെ കൺകറൻസ് ആവിശ്യമായതിനാലും പ്രസ്തുത അപേക്ഷ KMBR -2019 ലെ ചട്ടങ്ങൾക്ക് വിധേയമായതിനാലും മാസ്റ്റർ പ്ലാനിലെ സോണിങ് റെഗുലറൈസേഷന് വിധേയമായതിനാലും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം ലേഔട്ട് ആൻഡ് കൺകറൻസ് അനുമതി നൽകി ഉത്തരവാകുന്നു.

കെട്ടിടത്തിന്റെ ഏരിയ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

| AREA STATEMENT | | | | | | |
|---|---|---|---|---|---|---|
| Buil.No | USE | FLOOR | BUILT UP AREA ( Area in sq.mtr) | | FLOOR AREA ( Area in sq.mtr) | |
| | | | EXISTING | PROPOSED | EXISTING | PROPOSED |
| 1 | GROUP I | GROUND FLOOR | | 26.50 | | 26.50 |
| | | | | | | |
| | | | | | | |
| TOTAL | | | | 26.50 | | |
| GRAND TOTAL | | | 26.50 | | 26.50 | |
| FSI | = 0.05 | | | | | |
| Coverage | = 5.45% | | | | | |

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമേ കെട്ടിട നിർമ്മാണ അനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.

<u>നിബന്ധനകൾ</u>

1. നിർദിഷ്ട നിർമാണം കെ.എം.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും വിധേയമായിട്ടുള്ളതാണെന്നും ലേഔട്ട് അനുമതി നൽകിയിട്ടുള്ള പ്ലാനുകൾ പ്രകാരവുമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമാണാവകാശം എന്നിവ പരിശോധിച്ചു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

3. കെ.എം.ബി.ആർ 2019 ചട്ടം 5 പ്രകാരം മറ്റു ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണ്.
4. നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവൃത്തികൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ്, 1963-ലെ കേരള ഭൂപരിഷ്കരണ നിയമം എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
5. നിർദിഷ്ട സ്ഥലത്തു പുറമ്പോക്കു ഭൂമി ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. നിർദിഷ്ട സ്ഥലത്തു നിന്നും യാതൊരുവിധ മാലിന്യങ്ങളും സമീപ പ്രദേശങ്ങളിലേക്കോ ജല സ്രോതസ്സിലേക്കോ കലരുവാൻ പാടുള്ളതല്ല.
7. കെ.എം.ബി.ആർ 2019 ചട്ടം 76 പ്രകാരം ഭൂഗർഭജലം പോഷണത്തിനുള്ള സംവിധാനങ്ങളും മഴവെള്ള സംഭരണ സംവിധാനവും സ്ഥലത്ത് നല്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
8. DDMA യുടെ ഉത്തരവുകൾ പ്രകാരമുള്ള നിലകൾ/ഉയരനിയന്ത്രണങ്ങൾ പാലിച്ചു കൊണ്ടാണ് നിർമാണം നടത്തുന്നതെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
9. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് പ്ലാനിൽ കാണിച്ചിട്ടുള്ള എല്ലാ സുരക്ഷിത സംവിധാനങ്ങളും നിർമ്മിച്ചിട്ടുണ്ടയെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കാനുള്ള അനുമതി അല്ല. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടൌൺ പ്ലാനറുടെ ലേ-ഔട്ട് അനുമതി ലഭിച്ച പ്ലാനുകൾ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിച്ച് കെട്ടിട നിർമ്മാണാനുമതി വാങ്ങേണ്ടതാണ്.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ: 12/2024)

Signed by Renjith K S
Date: 06-06-2024 12:42:53

ടൌൺ പ്ലാനർ, വയനാട്

സ്വീകർത്താവ് :

ശ്രീ. ശ്രീ. തങ്കച്ചൻ എം ടി, മുട്ടത്ത് വീട്, പൂമല (പി ഒ), സുൽത്താൻ ബത്തേരി

പകർപ്പ് :

1. സെക്രട്ടറി, സുൽത്താൻ ബത്തേരി നഗരസഭ

2. അധികം

THANKACHAN